# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3862 — 25.06.2013- ൽ മറുപടിക്ക്

### കൈത്തറി മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറിയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ടെന്നുള്ള വിവരം അറിയിക്കുമോ; | (എ) | കൈത്തറി മേഖലയുമായി ബന്ധപ്പെട്ട് നിലവിൽ താഴെപ്പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉള്ളത്.<br><br>1) ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാം.<br>2)കൈത്തറി സ്ഥാപനങ്ങൾക്ക് വിപണന പ്രോത്സാഹന (മാർക്കറ്റിംഗ് ഇൻസന്റീവ് സ്കീം) ധനസഹായം.<br>3)കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് (എം.ജി.ബി.ബി.വൈ)<br>4)കൈത്തറി മേഖലയിൽ പുനരുദ്ധാരണ പുനരാവിഷ്കൃത പദ്ധതി<br>5)10% നൂൽ സബ്സിഡി<br>6)വീവേഴ്സ് ക്രഡിറ്റ് കാർഡ്<br>7)നാഷണൽ ഹാന്റ്‌ലൂം എക്സ്പോ, സ്പെഷ്യൽ ഹാന്റ്‌ലൂം എക്സ്പോ എന്നിവ നടത്തുന്നതിനുള്ള സഹായം.<br>8) മിൽ ഗേറ്റ് പർച്ചെയ്സ് സ്കീം |
| (ബി) | സംസ്ഥാനത്തെ എത്ര സംഘങ്ങളിൽ പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുമോ; അവ ഏതെല്ലാമെന്നും ഏത് പദ്ധതിയാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ? | (ബി) | ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാമിന് മൊത്തം 20 ക്ലസ്റ്ററുകൾക്കായി 302.37 ലക്ഷം രൂപ 3-ാം മത്തെ ഗഡുവായി കഴിഞ്ഞവർഷം ലഭിച്ചു. ഈ വർഷം തുകയൊന്നും ലഭിച്ചിട്ടില്ല. എം.ജി.ബി.ബി.വൈ, കേന്ദ്ര ഗവൺമെന്റ് വിഹിതം നേരിട്ട് എൽ.ഐ.സിയ്ക്ക് നൽകുകയാണ്. കൈത്തറി സ്ഥാപനങ്ങൾക്ക് വിപണന സഹായമായി 538.39 ലക്ഷം രൂപ (സ്റ്റേറ്റ് ഷെയർ + സെൻട്രൽ ഷെയർ) കഴിഞ്ഞ |

| | | | |
|---|---|---|---|
| | | | വർഷം നൽകിയിട്ടുണ്ട്. കൈത്തറി പുനരുദ്ധാരണ പദ്ധതി അനുസരിച്ച് കേന്ദ്രവിഹിതമായി കഴിഞ്ഞ വർഷം 27 കോടി രൂപ കിട്ടിയിട്ടുണ്ട്. 10% പ്രൈസ് സബ്സിഡി എൻ.എച്ച്.ഡി.സി വഴിയാണ് നടപ്പാക്കുന്നത്. . ഹാന്റ്ലൂം ഡയറക്ടറേറ്റ് എക്സ്പോ നടത്തുകയാണ് ചെയ്യുന്നത്. കഴിഞ്ഞ വർഷം എക്സ്പോ നടത്തുന്നതിനായി 19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>എം.ജി.ബി.ബി.വൈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ച സംഘങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. റിവൈവൽ പാക്കേജിന്റെ ആനുകൂല്യം ലഭിക്കുന്ന സംഘങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധംII ആയി ചേർത്തിട്ടുണ്ട്. ക്ലസ്റ്റർ വികസന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധംIII ൽ ചേർത്തിട്ടുണ്ട്. മാർക്കറ്റിംഗ് ഇൻസെന്റീവ് ആനുകൂല്യം നേടിയ സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം IV ൽ ചേർത്തിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**